മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) 22.12.73 മുതൽ 1.1.74 വരെയുള്ള കാലയളവിൽ ഏതെങ്കിലും ഒരു ദിവസം ഗവൺമെൻറ് സർവ്വീസിൽ താൽക്കാലികസേവനമനുഷ്ഠിച്ച വികലാംഗരെ ഗവൺമെൻറിൻെറ നയപരമായ ഒരു തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ 29.4.74 മുതൽ സർവ്വീസിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) നിർവാഹമില്ല.

സ്പെഷ്യൽ ആംഡ് വിഭാഗക്കാരുടെ പ്രമോഷൻ സാദ്ധ്യത

* 835 [902] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽപ്പെട്ട സ്പെഷ്യൽ ആംഡ് വിഭാഗക്കാർക്ക് യാതൊരു പ്രമോഷൻ സാദ്ധ്യതകളും ഇല്ല എന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവർക്ക് പ്രമോഷൻ സാദ്ധ്യതകളും ഉണ്ടാക്കുവാൻ വേണ്ട നടപടികളും സ്വീകരിക്കുമോ?

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സ്പെഷ്യൽ ആംഡ് വിഭാഗക്കാർക്ക് മറ്റു പോലീസ് വിഭാഗങ്ങളെ അപേക്ഷിച്ച് പ്രമോഷൻ സാദ്ധ്യത കുറവാണ്.

(ബി) പുതിയ സായുധ പോലീസ് ബറാലിയൻ നിലവിൽ വരുന്നതോടുകൂടി ഇവരുടെ പ്രമോഷൻ സാദ്ധ്യത വർദ്ധിക്കുമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

അഡ്വക്കേറ്റ് ജനറൽ ആഫീസിൽ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നടത്തിയവർ

1367 [2219] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി:

,, റ്റി.കെ. അബ്ദു:

,, എം.കെ. കൃഷ്ണൻ:

,, സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി അഡ്വക്കേറ്റ് ജനറൽ ആഫീസിൽ നിയമനം നൽകിയ ആരെയെങ്കിലും പിന്നീടു ജോലിയിൽ നിന്നും പിരിച്ചയക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയെന്നും എന്തുകാരണത്താലാണെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly